# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3356 19.06.2019 -ലെ മറുപടിയ്ക്ക്**

**കോഴ്സുകൾ ആധുനികവൽക്കരിക്കുന്നതിനും സിലബസ് പുതുക്കുന്നതിനും നടപടി**

*ചോദ്യം*
ശ്രീ. മോൻസ് ജോസഫ്

*ഉത്തരം*
**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ കോഴ്സുകൾ ആധുനികവൽക്കരിക്കുന്നതിനും സിലബസ് പുതുക്കുന്നതിനും ഈ സർക്കാർ വന്ന ശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) & (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഔട്ട്കം ബെയ്സ്ഡ് എഡ്യുക്കേഷനും ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്ക്കരണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഔട്ട് കം ബെയ്സ്ഡ് എഡ്യുക്കേഷനുമായി ബന്ധപ്പെട്ട് സിലബസ്സിലും കരിക്കുലത്തിലും, പരീക്ഷയിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇതിനായുള്ള പരിശീലനം സംസ്ഥാനത്തെ സർവ്വ കലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകിക്കഴിഞ്ഞു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. എൻ.ജെ റാവുവിന്റെ നേതൃത്വത്തിലാണ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലനം നൽകിയത്. സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു.<br>ബിരുദാനന്തര പഠനത്തിന്റെ സമഗ്ര പരിഷ്ക്കരണത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ പ്രൊഫസറായ ഇ.ഡി. ജെമ്മീ |
| (ബി) | ഈ അധ്യയന വർഷം മുതൽ പുതുക്കിയ സിലബസ് നിലവിൽ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |

| | | | |
|---|---|---|---|
| | | | സിന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേക കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഡിസൈൻ സംബന്ധിച്ച കോഴ്സുകൾ ഒന്നും തന്നെ നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കേരള സർവ്വകലാശാലക്ക് കീഴിൽ ബാച്ലർ ഓഫ് ഡിസൈൻ കോഴ്സ്, കൊല്ലം - കുണ്ടറ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയിൽ 2013 മുതൽ നടത്തി വരുന്നുണ്ട്. ഈ കോഴ്സിന്റെ ആദ്യ ബാച്ച് 2019 ൽ പ്രസ്തുത കോഴ്സ് പൂർത്തിയാക്കും.<br>BA Visual Arts (Interior Design), B.Sc. Apparel and Fashion Design, BA Animation & Graphic Design & MA Graphic Design എന്നീ പ്രോഗ്രാമുകൾ മഹാത്മാഗാന്ധി സർവ്വകലാശാല നടത്തുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തെ സർവ്വകലാശാലകൾ പ്രത്യേകിച്ചും കേരള സർവ്വകലാശാല ഇപ്പോഴും പഞ്ചവൽസര എൽ.എൽ.ബി. കോഴ്സിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തിയിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരീക്ഷകൾ യഥാസമയം നടത്തുന്നതിനുള്ള നടപടി ഏതു ഘട്ടം വരെയായെന്ന് അറിയിക്കാമോ? | (ഡി) | ഉണ്ട്;<br>സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി ഏകീകൃത അക്കാദമിക് - പരീക്ഷാ കലണ്ടർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രോ വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഒരു പ്രത്യേക കമ്മിറ്റി ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സർവ്വകലാശാല – കോളേജ് തലത്തിലെ അക്കാദമിക് - പരീക്ഷാ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും സമയബന്ധിതമായി പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.